

# സി.ബി.എസ്.ഇ സ്കൂളുകൾ

# നേരും നുണയും

കവർസ്റ്റോറി ●

സലിൽ ഹസൻ

**വിദ്യാഭ്യാസ** പ്രക്രിയ മൂല്യാധിഷ്ഠിതമല്ലെന്ന പല്ലവി വ്യാപിപ്പിക്കുന്നതിൽ മത്സരിക്കാനാണ് എല്ലാവർക്കും പ്രിയം. പാഠ്യപദ്ധതിയെയും അധ്യാപകരെയും ഇകഴ്ത്തിപ്പറഞ്ഞുകൊണ്ടാണ് ചർച്ച പുരോഗമിക്കുക. സ്വകാര്യ–മാനേജ്മെന്റുകളുടെ ചൂഷണത്തിലാണ് സംസാരം ചെന്നുനിൽക്കുക. ഇവിടെ, ക്രിയാത്മക ചുവടുവെപ്പുകളിലൂടെ പ്രശ്ന പരിഹാരത്തിന് അഹോരാത്രം പണിപ്പെടുന്നവരുടെ കഥകൾ പലപ്പോഴും വെളിച്ചം കാണാറില്ല. സുനിർണിതങ്ങളായ ചട്ടക്കൂടുകളിലെ തുറസ്സുകളും സാധ്യതകളും കണ്ടെത്താനും പ്രയോജനപ്പെടുത്താനും ആഗ്രഹിക്കുന്നവരാണ് ഇതിന്റെ നഷ്ടം പേറേണ്ടിവരുന്നത്.

കേരളത്തിലെ പൊതുവിദ്യാലയങ്ങളും എയ്ഡഡ്–അംഗീകൃത സ്ഥാപനങ്ങളും സർക്കാരിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും കടുത്ത നിയന്ത്രണങ്ങൾക്ക് വിധേയമായി മുന്നോട്ടുപോകുന്നവയാണ്. കരിക്കുലത്തിൽ സ്വാതന്ത്ര്യം പുലർത്താൻ ഒട്ടും സാധിക്കാത്ത സ്വഭാവ സവിശേഷതയാണ് അവക്കുള്ളത്. സ്ഥാപനമേധാവിയുടെ മൂല്യബോധവും സ്റ്റാഫംഗങ്ങളുടെ സഹകരണ മനോഭാവവുമനുസരിച്ച് ചില്ലറ മാറ്റങ്ങൾക്ക് സാധ്യതയുണ്ടെങ്കിലും ക്ലാസ് മുറിക്കുള്ളിലെ അധ്യാപകന്റെ പ്രസംഗത്തിൽ അവസാനിക്കുന്ന വിപ്ലവമായിരിക്കും ഒടുവിൽ ബാക്കിയാവുക. അതിന് മുതിരുന്നവർക്ക് താൽക്കാലികമായി ഒരാശ്വാസം എന്നതിനപ്പുറം ശാശ്വത ഫലസിദ്ധിയുള്ള ഒരു കർമമാർഗമായി ഇതിനെ അവലംബിക്കാനോ ആവിഷ്കരിക്കാനോ ആവില്ല.

ഇവിടെയാണ് സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എജുക്കേഷൻ (സി.ബി.എസ്.ഇ) സ്കൂളു

കളുടെ പ്രസക്തിയേറുന്നത്. കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വതന്ത്ര വിദ്യാഭ്യാസ ബോർഡാണിത്. പത്തു പതിനഞ്ചു വർഷം മുമ്പുവരെ ഉപരി വർഗത്തിന്റെ പള്ളിക്കൂടമായിട്ടായിരുന്നു ഇതിനെ പലരും എണ്ണിയിരുന്നത്. എന്നാലിന്ന് ഏതു സാധാരണക്കാരനും ആശ്രയിക്കാവുന്ന ഒരു പൊതു പള്ളിക്കൂടമായി അത് പരിണമിച്ചുകൊണ്ടിരിക്കുന്നു. വിശിഷ്യാ സാമ്പത്തിക മോഹമില്ലാതെ ഈ മേഖലയെ കൈകാര്യം ചെയ്യാൻ സന്നദ്ധമായി നിരവധി മാനേജ്മെന്റുകൾ മുന്നോട്ടുവന്നിരിക്കുന്ന പുതിയ പശ്ചാത്തലത്തിൽ.

ആശയദാരിദ്ര്യമനുഭവിക്കുന്ന ഇടതു ഭരണകൂടം പലതും ഭയന്ന് സി.ബി.എസ്.ഇ വിദ്യാലയങ്ങൾക്കു നേരെ ചിറ്റമ്മ നയം തുടരുന്നുണ്ടെങ്കിലും (നേതാക്കളുടെയും സഖാക്കളുടെയും മക്കൾ സി.ബി.എസ്.ഇ സ്കൂളുകളിൽ പഠിക്കുന്നുവെന്ന വസ്തുത ആവർത്തിക്കേണ്ടതില്ല) പൊതു മനസ്സ് പ്രതീക്ഷയോടെ തന്നെയാണ് ഇവയെ നോക്കിക്കാണുന്നത്. പരിഷ്കാരങ്ങളും പരിഷ്കരണങ്ങളും ഒന്നിനു പിറകെ മറ്റൊന്നായി സർക്കാർ പള്ളിക്കൂടങ്ങളെ ഗിനിപന്നികളാക്കിയും പരീക്ഷാമൂല്യനിർണയ രീതിയുടെ പതിവുരീതികളെ പൊളിച്ചെഴുത്തായി വ്യാഖ്യാനിച്ച് നേർപ്പിച്ചും ഗുണനിലവാരം പ്രവചനസാധ്യതയില്ലാത്ത ഗവേഷണ വിഷയമാക്കിയും പാമ്പും കോണിയും കളിക്കുന്ന പുതിയ സാഹചര്യത്തിൽ സി.ബി.എസ്.ഇ സ്കൂളുകളുടെ സാധ്യതാ പഠനം പ്രത്യേക ശ്രദ്ധയർഹിക്കുന്നുണ്ട്.

**അയവുള്ള ചട്ടക്കൂട്**
**(flexible framework)**

തൊഴിൽ നിയമങ്ങളിലും ചില സന്ദർഭങ്ങളിലെ പ്രത്യേക ഉത്തരവുകളിലും ഒതുങ്ങുന്നതാണ് സി.ബി.എസ്.ഇ സ്കൂളുകളിലെ സംസ്ഥാന അധികാരം. അധികാര കേന്ദ്രങ്ങളുടെയും രാഷ്ട്രീയ സംഘടനകളുടെയും ഇടപെടലിനും കൈയേറ്റത്തിനും വിദൂര സാധ്യത പോലുമില്ലാത്ത അന്തരീക്ഷവും പ്രാദേശികവും സാംസ്കാരികവുമായ തനത് സ്വഭാവവ്യതിരിക്തത സ്വീകരിക്കാനാവുന്ന അയവുള്ള ചട്ടക്കൂടുമാണ് സി.ബി.എസ്.ഇ സ്കൂളുകളുടേത്. ദേശീയ മൂല്യങ്ങൾക്കും മതേതര കാഴ്ചപ്പാടിനും ഭംഗം വരുത്താത്തവിധം സ്വതന്ത്രമായി ക്രമീകരിക്കാവുന്ന വിധം ഇത് ഫ്ളക്സിബിലിറ്റി നിലനിർത്തുന്നുണ്ട്. ഭദ്രമായ ധാർമികതക്കുതകുംവണ്ണം മൊത്തം പരിസരത്തെ തീരുമാനിക്കാൻ സ്ഥാപനാധികാരികൾക്ക് ഇവിടെ സ്വാതന്ത്ര്യവുമുണ്ട്.

**പാഠ്യപദ്ധതി (Curriculum)**

ഓരോ വർഷവും ചിട്ടപ്പെടുത്തുന്ന പ്രത്യേക പാഠ്യപദ്ധതി സി.ബി.എസ്.ഇ സ്കൂളുകൾ പിന്തുടരേണ്ടതുണ്ടെന്നത് ശരിയാണ്. എങ്കിലും എട്ടാംതരം വരെ അധികാരികളുടെ നിർദേശങ്ങൾക്ക് കണിശത ഉണ്ടാവില്ല. അവക്ക് ഉത്തരവുകളുടെ തലം (Decisive Nature) എന്നതിലുപരി കേവല നിർദേശങ്ങളുടെ തലം (Suggestive nature) ആണ് ഉള്ളത്. ഉദാഹരണമായി പാഠപുസ്തകങ്ങളുടെ കാര്യം പരിഗണിക്കാം. നാഷ്നൽ കൗൺസിൽ ഫോർ എഡ്യുക്കേഷനൽ റിസർച്ച് ആന്റ് ട്രൈനിംഗ് (NCERT) പുറത്തിറക്കുന്ന പാഠപുസ്തകങ്ങൾ സ്വീകരിക്കണമെന്നാണ് നിർദേശം. എന്നാൽ, ലാഭക്കണ്ണുള്ള മാനേജ്മെന്റുകാർ ഗുണനിലവാരത്തിനപ്പുറം കൂടുതൽ കമീഷൻ വാഗ്ദാനം ചെയ്യുന്ന സ്വകാര്യ പ്രസാധനാലയങ്ങളുടെ പുസ്തക ശ്രേണികളാണ് നടപ്പിലാക്കുക. വിദ്യാഭ്യാസ കാഴ്ചപ്പാടും സാമൂഹിക പ്രതിബദ്ധതയുമുള്ളവർക്ക് വളരെ പോസിറ്റീവായി ഉപയോഗപ്പെടുത്താവുന്ന ഒരു വശമാണിത്. മൂല്യ പ്രസരണത്തിനും കൂടി ഉതകുന്ന വിധത്തിലുള്ള പുസ്തകങ്ങൾ ഏർപ്പെടുത്തി ഭാവിതലമുറയെ ശരിയായി രൂപപ്പെടുത്താൻ സാധ്യത വളരെയേറെയാണ്.

**ധാർമിക പഠനം (Moral Education)**

വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന പ്രതിസന്ധിയാണ് ഭദ്രമായ ധാർമികപഠനത്തിന് ഇടം നഷ്ടപ്പെട്ടുവെന്നത്. വ്യവസ്ഥാപിതമായ മൂല്യവിദ്യാഭ്യാസത്തിന് സി.ബി.എസ്.ഇയിൽ യാതൊരു തടസ്സവും ഇല്ലെന്നു മാത്രമല്ല വർധിച്ച പ്രാധാന്യവും പ്രോത്സാഹനവുമാണ് ലഭിക്കുന്നത്. നേരത്തെ ഇത് കേവല സ്വാതന്ത്ര്യമായിരുന്നെങ്കിൽ കഴിഞ്ഞ വർഷം മുതൽ പ്രാബല്യത്തിൽ വന്ന മൂല്യനിർണയ പരിഷ്കാരത്തിൽ സെക്കന്ററിതലത്തിൽ പോലും മുഖ്യ വിഷയങ്ങൾക്കൊപ്പം മൂല്യനിർണയം നടത്തുംവിധം രണ്ട് പേപ്പറുകളിലായി ധാർമിക പഠനത്തിന് കൂടുതൽ കരുത്ത് ലഭിച്ചിരിക്കുകയാണ്.

**ശേഷി വികാസം (Skill Development)**

അക്കാദമിക പഠനത്തോടൊപ്പം വിദ്യാർഥികളുടെ വിഭിന്നങ്ങളായ ശേഷികളുടെ വികാസം

ഉറപ്പുവരുത്തുംവിധം പഠനാന്തരീക്ഷത്തെയും മൂല്യനിർണയത്തെയും അതിന്റെ ഉപാധികളെയും സി.ബി.എസ്.ഇ മാറ്റിപ്പണിതിരിക്കുകയാണ്. വിദ്യാർഥികളുടെ ചിന്താശേഷി, സാമൂഹികബോധം, വൈകാരിക വളർച്ച ഇവ ലക്ഷ്യം വെച്ച് പുരോഗമനപരമായി ആവുന്നത്ര വികസിപ്പിക്കാൻ ഇപ്പോൾ അവസരം കൈവന്നിട്ടുമുണ്ട്. കേവല ബൗദ്ധിക വളർച്ചയുടെ കുടുസ്സിൽ നിന്നും സാമൂഹിക പ്രതിബദ്ധതയും വിശാല മനസ്ഥിതിയുമുള്ള നല്ല തലമുറയെ സൃഷ്ടിക്കുംവണ്ണം ഇഛാശക്തിയും സാമർഥ്യവുമുള്ള ഒരു വിഭാഗം മുന്നോട്ടുവരുമെങ്കിൽ പ്രതിലോമപരതയുടെ ജനുസ്സുകളിൽനിന്നും വിദ്യാഭ്യാസ മേഖലയെ തന്നെ നമുക്ക് രക്ഷിച്ചെടുക്കാനാവും, തീർച്ച.

ഉദ്ദേശ്യത്തിന്റെ സംശുദ്ധിക്കും കേവലാത്മാർഥതക്കുമപ്പുറം ദീക്ഷിക്കേണ്ട ചില കണിശതകൾ കൂടി ഗൗരവത്തിൽ പരിഗണിക്കേണ്ടതുണ്ട്. നമ്മുടെ മോഹങ്ങൾക്കും രക്ഷിതാക്കളുടെ പ്രതീക്ഷകൾക്കും നിറം നഷ്ടപ്പെടാതിരിക്കാൻ ജാഗ്രതയോടെ അവ പാലിക്കപ്പെടുകയും വേണം. ധാർമികപരിസരത്തിന്റെയും പരസ്യവാചകത്തിന്റെയും തലക്കെട്ടിനു മറവിൽ ഗുണനിലവാരക്കാര്യത്തിൽ യാതൊന്നിനോടും രാജിയാവാതിരിക്കുകയെന്നതാണ് പ്രധാനം. ഒരു കൂട്ടരുടെ ഏർപ്പാട് എന്നതിനപ്പുറം ആർക്കും ആശ്രയിക്കാൻ തോന്നുംവിധം ആകർഷകവും ഭദ്രവുമായ അന്തരീക്ഷവും യോഗ്യതക്കൊപ്പം അർപ്പണബോധമുള്ള സ്റ്റാഫും കാഴ്ചപ്പാടും സമർപ്പണ മനസ്സുള്ള മേധാവിയും മുഴുസമയവും സഹായ സന്നദ്ധതയോടെ പിന്തുണ നൽകുന്ന മാനേജ്മെന്റും ഒക്കെ ഒന്നിക്കുമ്പോഴാണ് ഈ നേരുകൾ യാഥാർഥ്യമാവുക. മഴവിൽ സമൂഹത്തെ ഭക്തിയോടെ അവതരിപ്പിക്കുമ്പോഴും ബഹുസ്വരതയുടെ സ്വരങ്ങളെ അപസ്വരമായി തെറ്റിദ്ധരിക്കുന്ന വിചാര വിക്രിയകൾ കുറ്റകരങ്ങളായി തിരിച്ചറിയുകയും തിരുത്തുകയും കൂടി ചെയ്യേണ്ടതുണ്ട്. ■

salilhassan@gmail.com